**2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ മൊത്ത വ്യാപാരസ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം.**
**(വിഹിതം : 2810.00 ലക്ഷംരൂപ)**

| 2025-26 വിഹിതം | 2025-26 ചെലവ് (31/03/2026വരെ) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 1124.00 | 529.63 | 4425-108-42-34-3 | 1124.00 |
| 1686.00 | 6295.50 | 6425-108-19 | 1686.00 |
| **2810.00** | **6825.13** | **ആകെ** | **2810.00** |

താഴെപ്പറയുന്ന പരിപാടികൾക്കായി ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്.

- ഉപഭോക്തൃ ഫെഡറേഷൻ, മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പ്രവർത്തനങ്ങളിൽ എർപ്പെട്ടിരിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും സഹായം.
- നീതിസ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷനുമുള്ള സഹായം.
- സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം.
- സംസ്ഥാനതല, ജില്ലാതല, പ്രാദേശിക തല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി സഹായം.
- സഹകരണ മേഖലയിലെ ദുർബ്ബലമായ കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള സഹായം.
- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സഹായം.
- പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും സഹായം.
- സഹകരണ ആശുപത്രികൾ, വനിതാ സഹകരണ സംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവനമേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സഹായം.

- ലേബർകോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, ലോഡിംഗ്, അൺലോഡിംഗ് അനുബന്ധപ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് സഹായം, പ്രോജക്റ്റ് അധിഷ്ഠിത പ്രവർത്തനങ്ങൾക്കുള്ള സഹായം.
- എൻ.സി.ഡി.സിയുടെ പുതിയ പദ്ധതി പ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി വൈദ്യുതീകരണം (പുതിയ/പാരമ്പര്യേതര), ടൂറിസം, ഹോസ്പിറ്റാലിറ്റി, ട്രാൻസ്പോർട്ട്, ആശുപത്രികൾ, ആരോഗ്യസംരക്ഷണം, എന്നിവയ്ക്ക്സഹായം.
- കാർഷികമേഖലയിൽ പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നതിന് ആവശ്യമായ വായ്പ നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് സഹായം.
- 2026-27 ൽ നടപ്പിലാക്കുന്ന പുതിയ എൻ.സി.ഡി.സി പദ്ധതികൾക്ക് സഹായം.
- 2026-27 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന എൻ.സി.ഡി.സി സഹായം 2810.00 ലക്ഷം രൂപയാണ്.

ധനകാര്യ വകുപ്പിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ മുൻഗണനയും ശിപാർശകളും ആവശ്യമാണ്. പ്രൊപ്പോസലിന്റെ യോഗ്യതയെ അടിസ്ഥാനമാക്കി ധനവകുപ്പ് എൻ.സി.ഡി.സി.ക്ക് ശിപാർശ ചെയ്യും. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള സഹായം വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.